വില്ലേജുകളുടെയും പുനഃസംഘടന/രൂപീകരണം സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണറേറ്റിന്റെ സഹായത്തോടെ ഒരു പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. റിപ്പോർട്ട് വിശദമായി പരിശോധിച്ച് സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യതയും അനുബന്ധ പ്രശ്നങ്ങളും കണക്കിലെടുത്ത് നയപരമായ തീരുമാനം കൈക്കൊണ്ടതിനുശേഷം മാത്രമേ കോഴിക്കോട് അടക്കമുള്ള പുതിയ താലൂക്കുകൾ രൂപീകരിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുവാൻ കഴിയുകയുള്ളൂ.

പുതിയ താലൂക്കുകളും വില്ലേജുകളും രൂപീകരിക്കേണ്ട ആവശ്യകത

115 (2128) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ താലൂക്കുകളും വില്ലേജുകളും രൂപീകരിക്കേണ്ട ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പുതിയ താലൂക്കുകളും വില്ലേജുകളും രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) താലൂക്കുകളും വില്ലേജുകളും വിഭജിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലുണ്ടോ ;

(ഡി) കൂടുതൽ ജനസംഖ്യയുള്ള മലപ്പുറം ജില്ലയിലെ ഏറനാട്, പെരിന്തൽമണ്ണ താലൂക്കുകൾ വിഭജിച്ച് മലപ്പുറം കേന്ദ്രമായി പുതിയ താലൂക്ക് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലുമുള്ള ജനങ്ങളിലും, സർക്കാരിന്റെ സേവന പദ്ധതികൾ ശരിയായ രീതിയിൽ എത്തിച്ചേരുന്നതിനും ഓരോ പ്രദേശങ്ങളും പിന്നോക്കാവസ്ഥ പരിഹരിച്ച് പുരോഗതിയിലേക്ക് നീങ്ങുന്നതിനുവേണ്ടി ജനസംഖ്യ, വിസ്തീർണ്ണം, ഓരോ പ്രദേശത്തിന്റെയും പിന്നോക്കാവസ്ഥ, വികസന സാദ്ധ്യത, യാത്രാസൗകര്യം, ഭൂപ്രകൃതി, ജനപ്രതിനിധികളുടെ ആവശ്യം, സർക്കാരിന്റെ സാമ്പത്തിക സ്ഥിതി എന്നിവ പരിഗണിച്ച് താലൂക്ക് വില്ലേജ് പുനഃസംഘടന പരിശോധിക്കേണ്ടതായി കാണുന്നു.

(ബി) ഇല്ല.

(സി) താലൂക്ക് വില്ലേജ് പുനഃസംഘടന സംബന്ധിച്ച് 2007-ൽ ലാന്റ് റവന്യൂ കമ്മീഷണറേറ്റും, സർക്കാർ റവന്യൂ വകുപ്പും സംയുക്തമായി ഒരു കരട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല.

(ഡി) ഈ വിഷയം പരിശോധിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly